പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 338 | 11.06.2012 - ൽ മറുപടിക്ക്

## ദേശീയപാതയിൽ സൈൻബോർഡ് സ്ഥാപിച്ചതിലെ അഴിമതി

ചോദ്യം

ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
ശ്രീ.വി.ചെന്താമരാക്ഷൻ
ശ്രീ.ബി.ഡി.ദേവസ്സി
ശ്രീ.സി.കെ.സദാശിവൻ

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി.

(എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ ദേശീയപാതയിൽ സൈൻബോർഡ് സ്ഥാപിച്ചതിലെ അഴിമതിയും ക്രമക്കേടുമായി ബന്ധപ്പെട്ട വിജിലൻസ് കേസ് എഴുതിത്തള്ളാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(എ) സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലെ ദേശീയപാതയിൽ സൈൻബോർഡ് സ്ഥാപിച്ചതിലെ ക്രമക്കേടുമായി ബന്ധപ്പെട്ട് വിജിലൻസ് രജിസ്റ്റർ ചെയ്ത കേസ് അന്വേഷണം പൂർത്തിയാക്കി ലഭിച്ച വസ്തുതാ റിപ്പോർട്ട് പരിശോധിച്ച ശേഷം പ്രതികളെ പ്രോസിക്യൂട്ട് ചെയ്യേണ്ട ആവശ്യമില്ലെന്നും, ഒന്നാം പ്രതിക്കെതിരെ Rule 59(b) Part III KSR പ്രകാരം നടപടി എടുക്കണമെന്നും രണ്ടാം പ്രതിയ്ക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അന്തിമറിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്.

(ബി) സ്വകാര്യപങ്കാളിത്തത്തോടെ ദേശീയപാതയിൽ സൈൻബോർഡ് സ്ഥാപിക്കുന്നതിനായുള്ള കേന്ദ്ര ഉപരിതല ഗതാഗത വകുപ്പിന്റെ എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങൾ മറികടന്നുകൊണ്ടായിരുന്നു കരാർ നൽകിയിരുന്നത് എന്നും എത്ര കോടി രൂപയുടെ അഴിമതി ആരോപണമാണ് ഉന്നയിക്കപ്പെട്ടതെന്നും വ്യക്തമാക്കാമോ;

(ബി) ഉപരിതല ഗതാഗത വകുപ്പിന്റെ 04.12.1995, 22.03.1996, 19.03.1997, 11.06.1997, 09.02.1998 എന്നീ തീയതികളിലെ സർക്കുലർ നമ്പർ RW/NH 33023/31/88 DO III-ൽ നിർദ്ദേശിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ മറികടന്നുകൊണ്ടാണ് കരാർ നൽകിയതെന്നായിരുന്നു ആരോപണം. അഴിമതി ആരോപണത്തിൽ തുക ഉന്നയിക്കപ്പെട്ടിട്ടില്ല.

**(സി)** വിജിലൻസ് അന്വേഷണസംഘം നൽകിയ അന്തിമറിപ്പോർട്ട് സഭയുടെ മേശപ്പുറത്തുവയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.

**(ഡി)** കേസ് പിൻവലിക്കാൻ വിജിലൻസ് കോടതി മുമ്പാകെ ഹർജി സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ?

(ഡി) പ്രതികൾക്കെതിരെ കുറ്റപത്രം സമർപ്പിക്കേണ്ട ആവശ്യമില്ലെന്നും ഒന്നാം പ്രതിക്കെതിരെ Rule 59 (b) Part III KSR പ്രകാരം നടപടിയെടുക്കാനും രണ്ടാം പ്രതിക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുവാനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ആഫീസർ